**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3183** **26-06-2024 - ൽ മറുപടിയ്ക്ക്**

**പുത്തൂർ-ചെനക്കൽ ബൈപ്പാസ് (മൂന്നാം ഘട്ടം) റോഡ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ-ചെനക്കൽ ബൈപ്പാസ് റോഡിന്റെ മൂന്നാം ഘട്ട നിർമ്മാണ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സ്ഥലം ഏറ്റെടുക്കുന്നതിനായി നഷ്ടപരിഹാര തുക നൽകുന്നത് ഉൾപ്പെടെയുള്ള പ്രവൃത്തികൾക്കായി എസ്റ്റിമേറ്റ് പ്രകാരം ആവശ്യമായി വരുന്ന തുകയുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമായിട്ടുണ്ടോ; ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | പുതുക്കിയ ഭരണാനുമതിക്കായി സർക്കാരിൽ ലഭിച്ച 31,15,00,000/- രൂപയുടെ പ്രപ്പോസൽ ലഭിച്ചിരുന്നു. പരിശോധിച്ച് പുതുക്കിയ നിരക്കിൽ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത റോഡിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ബി) | കോട്ടക്കൽ-പുത്തൂർ-ചെനക്കൽ ബൈപ്പാസ് മൂന്നാം ഘട്ടം പ്രവൃത്തിക്ക് പുതിയ നിരക്കിൽ എസ്റ്റിമേറ്റ് സമർപ്പിക്കുന്നതിനായി സർക്കാർ നിർദ്ദേശം നൽകിയിരുന്നു. എന്നാൽ മേൽ ബൈപ്പാസ് ഡിസൈൻ ചെയ്യുന്നതിനായി എറണാകുളം റീജിയണൽഡിസൈൻ ഓഫീസിലേക്ക് ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സഹിതം അയച്ചിരുന്നുവെങ്കിലും ഐ.ആർ.സി മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഗ്രേഡിയന്റ് കൊടുത്തുകൊണ്ട് ടി റോഡ് ഡിസൈൻ ചെയ്യാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ടെന്നും അലൈൻമെന്റിൽ മാറ്റങ്ങൾ ആവശ്യമാണ് എന്നുമാണ് മറുപടി ലഭ്യമായത്. ആയതിന്റെ അടിസ്ഥാനത്തിൽ നിലവിലെ അലൈൻമെന്റ് കണക്കിലെടുത്തുകൊണ്ട് തന്നെ പ്രായോഗികമായി വരുത്താവുന്ന ഗ്രേഡിയന്റിൽ നിർമ്മിക്കാവുന്ന രണ്ട് പ്രൊപ്പോസലുകൾ റീജിയണൽ ഡിസൈൻ ഓഫീസിലേക്ക് സമർപ്പിച്ചിരുന്നു. എന്നാൽ മേൽ രണ്ടു പ്രൊപ്പോസലുകളും ഐ.ആർ.സി. അനുശാസിക്കുന്ന ഗ്രേഡിയന്റ് പ്രകാര മല്ലാത്തതിനാൽ അംഗീകരിക്കാനാകില്ല. എന്ന് റീജിയണൽ ഡിസൈൻ ഓഫീസിൽ നിന്നും അറിയിച്ചു. പിന്നീട് 16.09.2023 ന് ബഹു. കോട്ടക്കൽ എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ ചേർന്ന യോഗത്തിൽ |

| | | | |
|---|---|---|---|
| | | | എം.എൽ.എ. യും നാട്ടുകാരും, കൂടുതൽ സ്ഥലം ഏറ്റെടുക്കുന്നത് പ്രായോഗികമല്ലെന്നും പുതിയ അലൈൻമെന്റ് പ്രൊപ്പോസ് ചെയ്ത് സ്ഥലമെടുപ്പ് നടപടികളുമായി മുന്നോട്ട് പോകുക എന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമാണെന്നും അറിയിക്കുകയുണ്ടായി. ഇതേതുടർന്ന് ഗ്രേഡിയന്റിന് ഇളവു നൽകിക്കൊണ്ട് അലൈൻമെന്റ് അംഗീകരിക്കുന്നതിനായി ചീഫ് എഞ്ചിനീയർ നൽകിയ പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ